10161
10/6/19

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല – ശ്വാസകോശ സംബന്ധമായ രോഗത്തെത്തുടർന്ന് 06.05.2019 ൽ മരണപ്പെട്ട, പ്രശസ്ത മാപ്പിളപ്പാട്ട് ഗായകനും കേരള ഫോക് ലോർ അക്കാദമി വൈസ്ചെയർമാനും ആയിരുന്ന എരഞ്ഞോളി മൂസയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

ജി.ഒ. (എം.എസ്) നമ്പർ. 159/2019/റവ. തിരുവനന്തപുരം, തീയതി, 01/06/2019

പരാമർശം : 1.17.10.2018 ലെ ജി.ഒ. (ആർ.റ്റി) നം.4367/2018/റവ..
2. കണ്ണൂർ ജില്ലാ കളക്ടറുടെ 21.05.2019 ലെ DCKNR/4638/2019-M2 റിപ്പോർട്ട്.

**ഉത്തരവ്**

ശ്വാസകോശ സംബന്ധമായ രോഗത്തെത്തുടർന്ന് 06.05.2019 ൽ മരണപ്പെട്ട, പ്രശസ്ത മാപ്പിളപ്പാട്ട് ഗായകനും കേരള ഫോക് ലോർ അക്കാദമി വൈസ്ചെയർമാനും ആയിരുന്ന എരഞ്ഞോളി മൂസയ്ക്ക് പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുള്ളതാണ്.

2. രോഗത്തെത്തുടർന്ന് കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, IQRA ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ ചികിത്സയ്ക്കായി അഞ്ച് ലക്ഷം രൂപ ചെലവായതായി പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ച. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എരഞ്ഞോളി മൂസയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായമായി **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച് വിവരം സർക്കാറിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ്   പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
പൊതുഭരണ (എസ്. സി.) വകുപ്പ്  (29.05.2019 ലെ മന്ത്രിസഭായോഗ തീരുമാനം  ഇനം നം. 3047  പ്രകാരം)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ